15
WEDNESDAY
# ദുബായ് വാർത്ത
www.dubaivartha.com
MAY 2019 A WHATSAPP NEWS PAPER


## മെയ് 18 ന് രാജ്യത്ത് സ്ഫോടനങ്ങൾ നടത്താൻ ഭീകരർ പദ്ധതിയിടുന്നതായി ഇന്റലിജൻസ് റിപ്പോർട്ട്



രാജ്യത്തെ വിവിധയിടങ്ങളിൽ വൻ സ്ഫോടനം നടത്താനാണ് പദ്ധതി. ഇതിന്റെ ഭാഗമായി മൂന്ന് ഭീകരർ നേപ്പാൾ വഴി ഇന്ത്യയിൽ കടന്നെന്നും കശ്മീരിലെ ബന്ദിപ്പോരയിലെത്തിയതായും രഹസ്യാന്വേഷണ വിഭാഗങ്ങൾക്ക് സൂചന ലഭിച്ചു.

## ബംഗാളിലെ സംഘർഷം:
### അമിത് ഷായ്ക്കെതിരെ എഫ്.ഐ.ആർ



അമേർസ്റ്റ് സ്ട്രീറ്റ് പൊലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത എഫ്.ഐ.ആറിലാണ് അമിത് ഷായുടെ പേരുൾപ്പെടുത്തിയിട്ടുള്ളത്. കേസിൽ നിരവധി ബി.ജെ.പി നേതാക്കളെ കസ്റ്റഡിയിലെടുത്തിട്ടുണ്ട്. ഇന്നലെ നടന്ന റോഡ് ഷോയ്ക്കിടെ തൃണമൂൽ കോൺഗ്രസിന്റെ വിദ്യാർഥി വിഭാഗവും ഇടത് പാർട്ടി പ്രവർത്തകരും അമിത് ഷാക്കെതിരെ മുദ്രാവാക്യം വിളിച്ചതോടെയാണ് സംഘർഷം ഉടലെടുത്തത്.

## നെയ്യാറ്റിൻകര ആത്മഹത്യ:
## ഭർത്താവും ബന്ധുക്കളും കസ്റ്റഡിയിൽ



ആത്മഹത്യയ്ക്ക് കാരണം ഭർത്താവും ബന്ധുക്കളും എന്ന് വ്യക്തമാക്കുന്ന ആത്മഹത്യാ കുറിപ്പ് കണ്ടെത്തി. ആത്മഹത്യ ചെയ്ത മുറിയുടെ ചുവരിൽ ഒട്ടിച്ച നിലയിലായിരുന്നു ആത്മഹത്യാ കുറിപ്പ്. കൃഷ്ണമ്മ, ശാന്ത, കാശി എന്നിവരാണ് മരണത്തിന് കാരണമെന്നും സ്ത്രീധനത്തിന്റെ പേരിൽ നിരന്തരം പീഡിപ്പിച്ചെന്നും ആത്മഹത്യാ കുറിപ്പിൽ പറയുന്നുണ്ട്.

15
WEDNESDAY
# ദുബായ് വാർത്ത
www.dubaivartha.com
MAY 2019
A WHATSAPP NEWS PAPER


## രണ്ടരമാസത്തിനിടെ 8 തവണ സ്വർണം കടത്തി; ഒന്നിന് 1000 ദിർഹം പ്രതിഫലം:


മുഖ്യപ്രതിയായ അഭിഭാഷകന്റെ ഭാര്യ കസ്റ്റഡിയിൽ.

തിരുവനന്തപുരം : കഴിഞ്ഞ ദിവസം പിടികൂടിയ വൻ സ്വർണക്കടത്തിന് ചുക്കാൻ പിടിച്ചത് മൂന്നംഗ സംഘം.സംഘത്തിനു നേതൃത്വം നൽകിയ അഡ്വ. ബിജു മനോഹരനു പുറമെ ജിത്തു, വിഷ്ണു എന്നിവരാണു സംഘത്തിലെ മുഖ്യകണ്ണികൾ.ജിത്തു ദുബായിലും മറ്റുള്ളവർ കേരളത്തിലും ഇടപാടുകൾക്കു നേതൃത്വം നൽകിയാണ് സ്വർണക്കടത്ത്.

## കെഎസ്ആർടിസി ബസ്സിൽ പീഡനശ്രമം; ഡ്രൈവറെ സസ്പെൻഡ് ചെയ്തു




തിരുവനന്തപുരം സെൻട്രൽ ഡിപ്പോയിലെ ഡ്രൈവർ കം കണ്ടക്ടർ സന്തോഷ് കുമാറിനെയാണ് സസ്പെൻഡ് ചെയ്തത്. മെയ് 9 ന് തിരുവനന്തപുരത്ത് നിന്ന് മൈസൂരിലേക്ക് പോയ സ്കാനിയ ബസ്സിലായിരുന്നു സംഭവം.

## യാത്രയ്ക്കിടെ ഇന്ത്യക്കാരൻ മരിച്ചു; എയർ ഇറ്റാലിയ വിമാനം അബുദാബിയിൽ ഇറക്കി



ഇറ്റലിയിലേക്കുള്ള വിനോദ യാത്രയ്ക്കിടെ യുഎഇ വ്യോമാതിർത്തിയിൽ മരിച്ച ഇന്ത്യക്കാരന്റെ മൃതദേഹം അബുദാബിയിൽ ഇറക്കി. രാജസ്ഥാൻ ബരഹമാനോ മൊഹാല സ്വദേശി കൈലാഷ് ചന്ദ്ര സൈനി ബദ്രി പ്രസാദ് (53) ആണു മരിച്ചത്. മകൻ ഹീര ലാലിനൊപ്പം എയർ ഇറ്റാലിയയിൽ ഡൽഹിയിൽനിന്നു പുറപ്പെട്ട കൈലാഷ് ഉറക്കത്തിൽ മരിക്കുകയായിരുന്നു.

## വർഗീയ സംഘർഷം
### ശ്രീലങ്കയിൽ ഒരു മരണം; 22 പേർ അറസ്റ്റിൽ



രണ്ടാം ദിവസവും രാജ്യമൊട്ടാകെ നിശാനിയമം തുടരുന്നു. പ്രതിരോധ സഹമന്ത്രി റുവാൻ വിജയവർധനെയെ പ്രതിരോധ മന്ത്രിയായി നിയമിച്ചു. സംഘർഷ മേഖലയായ വടക്കുപടിഞ്ഞാറൻ പ്രവിശ്യ പൂർണമായും സൈന്യത്തിന്റെ നിയന്ത്രണത്തിലാണ്. തെരുവുകളിൽ സൈനികർ റോന്തു ചുറ്റുന്നു.

# മുഖ്യമന്ത്രി ഇനി ജപ്പാനിലേക്ക്; ദക്ഷിണ കൊറിയയിലേക്കും.



വിദേശ നിക്ഷേപത്തിനൊപ്പം സാങ്കേതിക വിദ്യയിലെ പങ്കാളിത്തവും തേടിയാണ് യാത്ര. ജപ്പാനിൽ നിന്നു വ്യവസായ സംഘം അടുത്ത് തന്നെ കേരളം സന്ദർശിക്കും. ഇതിനു ശേഷമായിരിക്കും മുഖ്യമന്ത്രിയുടെ യാത്ര. സാങ്കേതികരംഗം, ഭക്ഷ്യസംസ്കരണം, ഫിഷറീസ്, മാലിന്യ സംസ്കരണം, ഐടി, ടൂറിസം എന്നീ രംഗങ്ങളിൽ ജപ്പാനുമായുള്ള സഹകരണമാണു കേരളം തേടുന്നത്.

# മൻമോഹൻ സിങ്ങിനെ പരിഹസിച്ചിരുന്ന മോദിയെ ഇന്ന് രാജ്യം മുഴുവൻ കളിയാക്കുന്നു – രാഹുൽ.



പ്രധാനമന്ത്രി നരേന്ദ്ര മോദി കരുതുന്നത് അദ്ദേഹം ഒറ്റയ്ക്കാണ് ഈ രാജ്യത്തെ മുന്നോട്ട് കൊണ്ടുപോകുന്നതെന്നാണ്. റഫാൽ കരാർ സംബന്ധിച്ചും അഴിമതിയെ കുറിച്ചും മോദിയോട് സംവാദത്തിന് എപ്പോഴും തയ്യാറാണ്. നോട്ട് നിരോധനം പോലത്തേ മണ്ടൻ തീരുമാനങ്ങൾ രാജ്യത്തിന്റെ സാമ്പത്തിക നില തകർക്കുകയും തൊഴിലില്ലായ്മ വർധിപ്പിക്കുകയും ചെയ്തെന്നും രാഹുൽ പറഞ്ഞു

# ഇന്ത്യൻ ഫുട്ബോൾ ടീമിന്റെ പുതിയ പരിശീലകനായി മുൻ ക്രൊയേഷ്യൻ ദേശീയ ടീം പരിശീലകൻ ഇഗോർ സ്റ്റിമാച്ച് നിയമിതനായി.



ഓൾ ഇന്ത്യ ഫുട്ബോൾ ഫെഡറേഷൻ 2 വർഷത്തേക്കാണ് ഇഗോർ സ്റ്റിമാച്ചിനെ നിയമിച്ചിരിക്കുന്നത്. സ്റ്റിമാച്ച് ഇന്ത്യൻ പരിശീലകനാകുമെന്ന കാര്യം നേരത്തെ തന്നെ ഉറപ്പായിരുന്നെങ്കിലും ഇന്നാണ് ഇക്കാര്യത്തിൽ എഐഎഫ്എഫിന്റെ ഔദ്യോഗിക പ്രഖ്യാപനമെത്തിയത്. സ്റ്റിമാക്കിന്റെ അദ്യ പരീക്ഷണം അടുത്ത മാസം തായ്‌ലൻഡിൽ നടക്കുന്ന കിങ്സ് കപ്പാണ്. ജൂൺ അഞ്ചിന് കുറക്കാവോയ്ക്കെതിരെയാണ് ടൂർണമെന്റിൽ ഇന്ത്യയുടെ ആദ്യ പോരാട്ടം.

## യു എ ഇയിലെ ഇന്നത്തെ നോമ്പുതുറസമയം

| ദുബായ് | അബുദാബി | ഷാർജ | അജ്മാൻ | ഫുജൈറ | റാസ് അൽഖൈമ | ഉമ്മൽ ഖൈയിൻ |
|---|---|---|---|---|---|---|
| 6.59 PM | 7.03 PM | 6.59 PM | 6.59 PM | 6.53 PM | 6.55 PM | 6.55 PM |